## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പിലെ അസി. ടൗൺ പ്ലാനറായ ശ്രീ.കെ.ജെ. ജോൺസണ് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

### തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1028/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.4.2013

==========================================================================

പരാമർശം:-
1. ശ്രീ.കെ.ജെ. ജോൺസൺ 13.12.2010-ൽ സമർപ്പിച്ച അവധി അപേക്ഷ.
2. 1.10.2010-ൽ ശ്രീ.കെ.ജെ. ജോൺസൺ സമർപ്പിച്ച അപേക്ഷ
3. മുഖ്യനഗരഗ്രാമാസൂത്രകന്റെ 14.1.2011-ലെ എ1/11128/09 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

ഇടുക്കി ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്മാൻ/ടൗൺ പ്ലാനിംഗ് സർവ്വേയർ ആയിരുന്ന ശ്രീ.കെ.ജോൺസന് വ്യക്തിപരമായ കാരണങ്ങളാൽ 20.4.2010 മുതൽ 8.9.2010 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന് പരാമർശം ഒന്ന് പ്രകാരം ആവശ്യപ്പെട്ടിരുന്നു. പരാമർശം (2) പ്രകാരം 1.11.2010 മുതൽ 3 വർഷത്തേയ്ക്ക് ഇന്ത്യയ്ക്കകത്ത് ജോലി നോക്കുന്നതിന് ശൂന്യവേതനാവധി അപേക്ഷ നല്കി അപേക്ഷകൻ 1.11.2010 മുതൽ 6.10.2011 വരെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും ചെയ്തിരുന്നു. പരാമർശം (3) പ്രകാരം ഈ കാലയളവുകൾ ക്രമവത്ക്കരിച്ചു നല്കണമെന്ന് മുഖ്യനഗരാസൂത്രകൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നഗരഗ്രാമാസൂത്രണ വകുപ്പിൽ അസി. ടൗൺ പ്ലാനറായ ശ്രീ.കെ. ജെ. ജോൺസൺ സർവ്വീസിൽ നിന്നും വിട്ടുനിന്ന 1.11.2010 മുതൽ 6.10.2011 വരെയുള്ള കാലയളവിൽ അനുബന്ധം XII A ഭാഗം I കേരള സർവ്വീസ് റൂൾസ് പ്രകാരം മുൻകാല പ്രാബല്യത്തോടെ ശൂന്യവേതനാവധി അനുവദിക്കാൻ കഴിയില്ലാ എന്നതിനാൽ ഈ ഹാജരില്ലായ്മ കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാതെ നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു. 20.4.2010 മുതൽ 8.9.2010 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി

തുടങ്ങിയ സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ ശൂന്യവേതന അവധിയായി (ചട്ടം 88 ഭാഗം 1 KSRs)ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**പി.റംലത്ത്,**
**അണ്ടർ സെക്രട്ടറി**

ശ്രീ.കെ.ജെ.ജോൺസൺ, അസി. ടൗൺ പ്ലാനർ
(മുഖ്യനഗരാസൂത്രകൻ വഴി)
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
(ശ്രീ.കെ.ജെ.ജോൺസൺന്റെ സർവ്വീസ് പുസ്തകവും ഇതോടൊന്നിച്ച് ലഭ്യമാക്കുന്നു.)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം.**

**സെക്ഷൻ ഓഫീസർ**